## 14-ാം കേരള നിയമ സഭ

## 2-ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 18**      **26.09.2016-ൽ മറുപടിയ്ക്ക്**

### ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ സ്വാശ്രയ മേഖല

**ചോദ്യം**

**ശ്രീ.ശ്രീ.റ്റി.വി.രാജേഷ് :**
**ശ്രീ. ആന്റണി ജോൺ :**
**ശ്രീ. കെ. ആൻസലൻ :**
**പ്രൊഫ.കെ.യു. അരുണൻ :**

(എ) ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ മേഖലയിൽ എതാനും വർഷങ്ങളായി നിലനിന്നു വന്നിരുന്ന അനഭിലഷണീയമായ പ്രവണതകൾ ഇല്ലാതാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വിദ്യാർത്ഥി പ്രവേശനത്തിന് യോഗ്യത മാത്രം മാനദണ്ഡമാക്കാൻ സാധിച്ചിട്ടുണ്ടോ, എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(സി) ഫീസ് നിർണ്ണയത്തിലെ അപാകത ഇല്ലാതാക്കുന്നതിനായി കോടതി ഉത്തരവ് പ്രകാരം നിയോഗിച്ചിട്ടുള്ള 'പ്രവേശന മേൽനോട്ട ഫീസ് നിയന്ത്രണ സമിതി' യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും അഫിലിയേഷൻ പ്രക്രിയ കർശനമാക്കാനും നടപടിയെടുക്കുമോ?

**ഉത്തരം**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

(എ) & (ബി) ഈ വർഷം മുതൽ 50% മാനേജ്മെന്റ് സീറ്റുകളിൽ നീറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. മേൽപ്പറഞ്ഞ മാനേജ്മെന്റ് സീറ്റുകളിൽ (35 എണ്ണത്തിൽ) നീറ്റിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റും സർക്കാരുമായി ധാരണയിലായ ഫീസ് നൽകുവാൻ സന്നദ്ധരായ വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ മാനേജ്മെന്റുകൾ നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയതിൻ പ്രകാരം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടതുമാകുന്നു. ഈ ഒരു രീതി തുടരുന്നതിനാൽ വിദ്യാർത്ഥികളുടെ നീറ്റ് റാങ്ക് മാനദണ്ഡമാക്കിയാണ് മാനേജ്മെന്റ് സീറ്റുകളിൽ പോലും പ്രവേശനം നല്കി വരുന്നത്.

(സി) കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**